I ഇ.ബി. XI-കേരള നിയമസഭ/V14

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 25, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ശ്രദ്ധ ക്ഷണിക്കൽ

കോൾ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

**ശ്രീ. ഡി. സുഗതൻ:** അംപലപ്പുഴയിലെ കരി നിലം കൃഷിക്കാരുടെ പ്രശ്നങ്ങൾ കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഇത് ഉന്നയിക്കുന്നത്.

(ആദിവാസി പ്രശ്നം സഭയിൽ ഉന്നയിക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നപ്പോൾ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കുന്നതിനു മുൻപ് പ്രതിപക്ഷാംഗങ്ങൾക്ക്

പറയാനുള്ളത് കേൾക്കാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചിട്ടും അവർ വീണ്ടും ബഹളം തുടർന്നുകൊണ്ടിരുന്നു).

അംപലപ്പുഴ നിയോജകമണ്ഡലത്തിലെ അംപലപ്പുഴ, തകഴി, പുറക്കാട് എന്നീ പഞ്ചായത്തുകളും ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കരുവാറ്റ പഞ്ചായത്തും ഉൾപ്പെട്ടു കിടക്കുന്ന ഏതാണ്ട് 42-ഓളം പാടശേഖരങ്ങളിലെ ഒൻപതിനായിരം ഏക്കർ ഭൂമിയാണ് കരിനിലമായി അറിയപ്പെടുന്നത്. അവിടത്തെ മണ്ണിൽ അമ്ളാംശം കൂടുതലുള്ളതു കൊണ്ടും മരപ്പൊടി നിറഞ്ഞുകിടക്കുന്നതുകൊണ്ടും ആ പ്രദേശം കൃഷിയോഗ്യ മല്ലാത്തതായി തീർന്നിരിക്കുകയാണ്. അവിടെ കൃഷിനാശമുണ്ടായാൽ അത് പരിഹരിക്കാൻ മറ്റൊരു കൃഷിയിലൂടെ സാദ്ധ്യമല്ലാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. കൃഷിക്കാർ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത വകയിൽ ഏതാണ്ട് ഒരു കോടിയോളം രൂപ കൊടുത്തുതീർക്കാൻ കഴിയാതെ കടക്കെണിയിൽ മുങ്ങിയിരിക്കുകയാണ്. ഉൽപ്പാദന ക്കുറവുകൊണ്ടും ഉൽപ്പാദനച്ചെലവ് വർദ്ധിച്ചതുകൊണ്ടും കൃഷിനാശംകൊണ്ടും അവർക്ക് കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുകയാണ്. 1991-ലെ യു. ഡി. എഫ്. ഗവൺമെൻറിന്റെ കാലത്ത് സ്ഥാപിച്ച കരിനില വികസന ഏജൻസി പുന:സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(സഭാനടപടികൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ എല്ലാ അംഗങ്ങളും സഹകരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അഭ്യർത്ഥിച്ചു. ബഹളം തുടർന്നു കൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭവിട്ടു പുറത്തുപോകുകയും അൽപ്പസമയത്തിനു ശേഷം സഭയിൽ ഹാജരാകുകയും ചെയ്തു).

കരിനിലങ്ങളിൽ ഉപ്പുവെള്ളം കയറിയുള്ള കൃഷിനാശം തടയുന്നതിന് തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകൾ പുതുക്കിപ്പണിയുകയും തൃക്കുന്നപ്പുഴ ചീപ്പ് ബലപ്പെടു

ത്തുകയും ഓരുമുട്ടുകൾക്ക് പകരം ഷട്ടറുകൾ സ്ഥാപിക്കുകയും വേണം. ഈ മേഖലയിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും മണ്ണിന് അനുയോജ്യമായ വിത്തുകൾ കണ്ടുപിടിച്ച് അത് 50 ശതമാനം സബ്സിഡിയോടുകൂടി കൊടുക്കുന്നതിനും മണ്ണിന്റെ അമ്ളാംശം കുറയ്ക്കാൻ ഏക്കർ ഒന്നിന് രണ്ടു ക്വിന്റൽ നീറ്റുകക്ക സൗജന്യ നിരക്കിൽ കൊടുക്കുന്നതിനും നടപടികൾ സ്വീകരിക്കണം. തകഴിയിൽ പൂർത്തിയാകാതെ കിടക്കുന്ന മോഡേൺ റൈസ് മിൽ പുതുക്കിപ്പണിയുകയും അവിടെ നെൽ സംഭരിച്ച് അരി ഉൽപ്പാദിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കുട്ടനാടിലെ കർഷകരെ സഹായിക്കാൻ കാണിച്ച അതേ ആർജ്ജവം അംപലപ്പുഴയിലെ കരി നിലം മേഖലയിലെ കൃഷിക്കാരുടെ കാര്യത്തിലും കാണിക്കണം.

**കൃഷിയും കയറും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ):</u>** അംപലപ്പുഴ നിയോജകമണ്ഡലത്തിലെ തകഴി, അംപലപ്പുഴ, പുറക്കാട്, കരുവാറ്റ എന്നീ പഞ്ചായത്തുകളിലെ 5000 ഏക്കർ വിസ്തൃതിയിലുള്ള 42 പാടശേഖരങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളാണ് അംപലപ്പുഴ കരിനിലം. മരപ്പൊടി കലർന്നതും വളക്കുറവുള്ളതുമായ മണ്ണുള്ള പ്രദേശമാണിത്. കൂടാതെ ചില പ്രദേശങ്ങളിൽ അമ്ളാംശവും ലവണാംശവും കൂടിയതുകൊണ്ട് വിളവ് കുറയുന്ന സാഹചര്യവുമുണ്ട്. ഈ പ്രദേശത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും അതുപ്രകാരം വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിക്കാരുടെ കടം എഴുതിത്തള്ളാൻ സാമ്പത്തിക ക്ളേശം അനുഭവിക്കുന്ന ഈ സർക്കാറിന് കഴിയുകയില്ല. കടാശ്വാസ നിയമപ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യം 31.3.2003 വരെ കോൾനില മേഖലയിലെ കൃഷിക്കാർക്കും

ലഭിക്കുന്നതാണ്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ആശ്വാസം നൽകുന്നതിനായി നബാർഡിന്റെ സഹായത്തോടെ ഹൃസ്വകാല വായ്പ ദീർഘകാല വായ്പയാക്കി മാറ്റുന്നതിന് സൗകര്യം നൽകുന്നതാണ്. കാർഷിക ഇൻഷ്വറൻസ് സ്കീം അനുസരിച്ചുള്ള ആനുകൂല്യം ഇവർക്കും കിട്ടുന്നതാണ്. ഉപ്പുവെള്ള ഭീഷണി തടയുന്നതിന് തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകളുടെ കേടുപാടുകൾ തീർത്തു വരുന്നു. ഏതാനും പുറംബണ്ടുകൾ ബലപ്പെടുത്തുന്ന പണി സർക്കറിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് കെ.എൽ.ഡി.സി. തുടങ്ങുന്നതാണ്. ആ പ്രദേശത്തിന് അനുയോജ്യമായ പ്രത്യേക വിത്തുകൾ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കണ്ടുപിടിച്ചിട്ടുള്ളത് ഉപയോഗിക്കവുന്നതാണ്. മണ്ണിന്റെ അംമ്ളാംശം തടയുന്നതിന് രണ്ട് ക്വിന്റൽ നീറ്റുകക്ക സൗജന്യമായി കൊടുക്കുന്നുണ്ട്. ഇൻപുട്ട് സബ്സിഡി എന്നുള്ള നിലയിൽ 1000 രൂപയുടെ വിത്തും കൊടുക്കുന്നുണ്ട്. ക്വിന്റലിന് 750 രൂപ വച്ച് നെല്ല് സംഭരിക്കുന്നതിന് ഗവൺമെന്റിന്റെ വിവിധ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പമ്പിംഗ് സബ്സിഡി കൊടുത്തു വരുന്നുണ്ട്. കരിനില വികസന ഏജൻസി പുനഃസംഘടിപ്പിക്കുന്നതാണ്.

(2) <u>കാർഷികോൽപ്പന്നങ്ങളുടെ വില തകർച്ചമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ.</u>

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>**: കേരള കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇന്നലെ മുതൽ 101 മണിക്കൂർ നീണ്ടുനിൽക്കുന്ന ഒരു സത്യാഗ്രഹ സമരം കേരളത്തിലെ കളക്ടറേറ്റുകൾക്കു മുന്നിലും സെക്രട്ടേറിയറ്റിനു മുന്നിലും നടന്നുകൊണ്ടിരിക്കുകയാണ്. 20 മാസത്തിനുള്ളിൽ 168 കർഷകർ ആത്മഹത്യ ചെയ്തു. 55 ആദിവാസികൾ പട്ടിണി കൊണ്ട് മരിച്ചു. ആഗോളവൽക്കരണത്തിന്റെ ഫലമായി ഉണ്ടായ ഇറക്കുമതി നയം കാർഷിക മേഖലയെ പൂർണ്ണമായി തകർത്തിരിക്കുകയാണ്. ഈ നയംമൂലം കേരളത്തിന് പ്രതിവർഷം ഏഴായിരം കോടി രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത് കാർഷിക മേഖലയ്ക്കു വേണ്ടി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ആശ്വാസ നടപടികളൊന്നും കേരളത്തിലെ കർഷകർക്ക്

ലഭിക്കുന്നില്ല. 14 സംസ്ഥാനങ്ങൾക്കു വേണ്ടി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച 10,000 കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തിയില്ല. കർഷകർക്ക് ആനുകൂല്യം നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടു. കാർഷിക വായ്പയ്ക്കു വേണ്ടി 6040 കോടി രൂപ കേന്ദ്രഗവൺമെന്റ് നീക്കി വച്ചതിൽ ഒരു പൈസപോലും കേരളത്തിന് കിട്ടിയില്ല.. ഡബ്ളിയു..ടി.ഒ–യിൽ അംഗമായിട്ടു പോലും റബ്ബറിനേയും കയറുൽപ്പന്നങ്ങളേയും കാർഷികോൽപ്പന്നമായി അംഗീകരിപ്പിക്കാൻ കഴിഞ്ഞില്ല. പ്രധാനമന്ത്രി പ്രഖ്യാപിച്ച കുമരകം പാക്കേജ് പദ്ധതി ഇതുവരെ നടപ്പാക്കിയില്ല. കേന്ദ്രഗവൺമെന്റ് സഹായത്തോടെ ഇൻഡ്യയിൽ 15 കാർഷിക കയറ്റുമതി കേന്ദ്രങ്ങൾ ആരംഭിച്ചപ്പോൾ കേരളത്തെ ഉൾപ്പെടുത്തിയില്ല. കഴിഞ്ഞ 20 മാസത്തിനിടയിൽ ഒരു ടൺ കൊപ്രപോലും താങ്ങുവില പ്രഖ്യാപിച്ചുകൊണ്ട് സംഭരിക്കാൻ കഴിഞ്ഞില്ല. റബ്ബർ ഇറക്കുമതി ചെയ്യാൻ അനുവദിക്കുന്ന ബോംബെ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാൻ കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകൾ തയ്യാറായില്ല. കാർഷിക മേഖലയ്ക്ക് ആശ്വാസം നൽകുന്നതിനു പ്രഖ്യാപിച്ച 210 കോടി രൂപയുടെ പാക്കേജ് പദ്ധതി ഒരു കൊല്ലം കഴിഞ്ഞിട്ടും നടപ്പിലാക്കാൻ സാധിച്ചില്ല. കാസർഗോഡ് ജില്ലയിൽ അടയ്ക്ക കർഷകരിൽ ഉദ്ദേശം 47 ഓളം പേർ ആത്മഹത്യ ചെയ്തു. കൃഷിക്കാർക്ക് വൈദ്യുതി സൗജന്യമായി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും ആർക്കുംതന്നെ നൽകിയിട്ടില്ല. കൃഷിക്കാർക്ക് കടാശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചുവെങ്കിലും ഒരു ഫലവും ലഭിച്ചിട്ടില്ല. യു.ഡി.എഫ് ഗവൺമെന്റ് വെറും പ്രഖ്യാപനങ്ങളുടെ ഗവൺമെന്റായി ചുരുങ്ങിയിരിക്കുന്നു. കാർഷിക പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുന്നതിനുതകുംവിധം കേരളത്തിലെ കൃഷിക്കാർക്ക് പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കർഷകവിരുദ്ധ നിലപാടാണ് യു.ഡി.എഫ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ കർഷക മേഖല ഇന്ന് തകർച്ചയെ നേരിടുകയാണ്. കൊപ്രയുടേയും/നാളികേരത്തിന്റെയും വിലയിൽ അല്പം വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും തെങ്ങിന് വ്യാപകമായി രോഗം

ബാധിച്ചതിന്റെ ഫലമായി ഉല്പാദനം കുറഞ്ഞുവരുന്നുതുകൊണ്ട് നാളികേര കൃഷിക്കാരെ രക്ഷിക്കാൻ സമഗ്രമായ ഒരു പദ്ധതി പ്രഖ്യാപിക്കണം. കൃഷിക്കാർക്കെതിരെയുള്ള എല്ലാ ജപ്തി നടപടികളും നിർത്തിവയ്ക്കണം. അതുപോലെ ആദിവാസി പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിരമായ പരിഗണന നൽകണം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഒരു ഉറച്ച സമീപനം സ്വീകരിക്കണം. കാർഷിക മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കേരള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ജില്ലാ കളക്ടറേറ്റുകളുടെ മുമ്പിലും സെക്രട്ടറിയേറ്റ് പടിക്കലും 101 മണിക്കൂർ നീണ്ടു നിൽക്കുന്ന അഖണ്ഡസമരം സംഘടിപ്പി ച്ചിരിക്കുകയാണ്. അതുകൊണ്ട് കാർഷിക മേഖലയിലെ വിവിധ സംഘടനകളുമായി ചർച്ച ചെയ്ത് കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. കർഷക സമരം ഗവൺമെന്റ് കണ്ടില്ലെന്ന് നടിച്ചാൽ ഭാവിയിൽ കാർഷിക മേഖലയിൽ പൊട്ടിത്തെറിയു ണ്ടാകും. കാർഷികമേഖലയിലെ 70 ശതമാനം തൊഴിലാളികളെ അവഗണിച്ചുകൊണ്ട് ഈ ഗവൺമെന്റിന് മുന്നോട്ട് പോകാൻ സാധിക്കുകയില്ല. കൃഷിക്കാരെ രക്ഷിക്കാൻ ഒരു സ്പെഷ്യൽ പാക്കേജ് പദ്ധതി സർക്കാർ പ്രഖ്യാപിക്കണം.

**കൃഷിയും കയറും വകുപ്പു മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ)** 101 മണിക്കൂർ നീണ്ടു നിൽക്കുന്ന സമരമാണ് ജില്ലാ തലസ്ഥാനങ്ങളിലും സെക്രട്ടറിയേറ്റിന് മുമ്പിലും കർഷക സംഘം സംഘടിപ്പിച്ചിരിക്കുന്നത്. സംഘടനാ പ്രതിനിധികൾ സർക്കാരിന് നേരത്തെ പെറ്റിഷൻ തന്നിരുന്നുവെങ്കിൽ അവരുമായി സംസാരിക്കാമായിരുന്നു. കാർഷിക മേഖലയിലെ 2001 മേയ് മാസത്തിന് മുമ്പുള്ള സ്ഥിതിയെ കുറിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി ആലോചിക്കണം. ഇപ്പോൾ കാർഷിക രംഗത്തെ സ്ഥിതി മെച്ചപ്പെട്ടിരി ക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു കിലോ റബറിന് 23 രൂപയും ഒരു നാളികേരത്തിന് രണ്ടര രൂപയും വിലയുണ്ടായിരുന്ന സ്ഥാനത്ത് ഒരു കിലോ റബറിന് 46 രൂപയും ഒരു നാളികേരത്തിന് അഞ്ച് രൂപയും വില കിട്ടുന്ന സ്ഥിതിയിൽ എത്തിയിരിക്കുകയാണ്.

കാർഷിക മേഖലയിലെ പ്രശ്നം ഒരു ദിവസം കൊണ്ടുണ്ടായതല്ല. തെങ്ങിന് രോഗം വന്നതോടുകൂടി ഉല്പാദനം കുറഞ്ഞു. കുരുമുളകിന്റെ വിലയിൽ വലിയ കുറവ് വന്നിട്ടില്ല. ഏലം, നെല്ല് എന്നീ കാർഷികോല്പന്നങ്ങളുടെ വില വർദ്ധിച്ചു. കാർഷിക രംഗത്ത് മുൻപുണ്ടായിരുന്നതിനേക്കാൾ വില നിലവാരത്തിൽ ആശ്വാസം ഉണ്ടാക്കാൻ സാധിച്ചു. അടയ്ക്ക, തേയില എന്നിവയുടെ കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞു. കാംകോയ്ക് 11 കോടി രൂപ കൊടുത്ത് അവരെക്കൊണ്ട് അടയ്ക്ക എടുപ്പിക്കാനുള്ള എഗ്രിമെന്റുണ്ടാക്കി. ഇപ്പോൾ അവർ അടയ്ക്ക സംഭരിക്കുന്നുണ്ട്. യു.ഡി. എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷമുള്ള കാർഷിക മേഖലയിലെ മെച്ചപ്പെട്ട പ്രവർത്തനം വിലയിരുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി തയ്യാറാകണം. പ്രധാനമന്ത്രിയുടെ കുമരകം പാക്കേജിൽ ഉൾപ്പെടുത്തി നാളികേര കർഷകരുടെ പ്രശ്നത്തിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞ ഗവൺമെന്റിന് കഴിഞ്ഞില്ല. ഇപ്പോൾ കുറച്ചെങ്കിലും നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. കേന്ദ്രത്തിൽ സമർപ്പിച്ച 567 കോടി രൂപയുടെ പ്രത്യേക പ്രോജക്ടിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലെങ്കിലും രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള നഷ്ടപരിഹാരം കണക്കാക്കി കുറച്ചു തുക കേന്ദ്രം അനുവദിച്ചു. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം ഇന്നലെ നടന്നു. നാളികേരം, റബ്ബർ തുടങ്ങിയവയെ കാർഷികോൽപ്പന്നങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന ഗവൺമെൻറിന്റെ ആവശ്യം ദോഹ കോൺഫറൻസിൽ അംഗീകരിച്ചിട്ടുണ്ട്. ദോഹ കോൺഫറൻസിലെ എഗ്രിമെന്റ് പ്രകാരം ഇറക്കുമതി ചെയ്യുന്ന കാർഷികോൽപ്പന്നങ്ങൾക്ക് കൂടുതൽ നികുതി ചുമത്താവുന്നതാണ്. പ്രസ്തുത എഗ്രിമെന്റ് ഇപ്പോൾ ഡബ്ലിയു.ടി.ഒ.യുടെ പരിഗണനയിലാണ്. 150 കോടി രൂപയുടെ ബാദ്ധ്യത ഏറ്റെടുത്തുകൊണ്ടാണ് ഈ സർക്കാർ കാർഷിക കടാശ്വാസ നിയമം കൊണ്ടുവന്നത്. റബ്ബർ കയറ്റുമതിക്കുവേണ്ട എല്ലാ പ്രോൽസാഹനവും ഈ സർക്കാർ ചെയ്തിട്ടുണ്ട്. റബ്ബറിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ്

നിശ്ചയിച്ചതിനെക്കാൾ കൂടിയ സംഭരണവില സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച നടത്തി കാർഷികമേഖലയിൽ ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്. വിവിധ രോഗങ്ങൾ കാരണം കാർഷികവിളകളുടെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. രോഗ നിർണ്ണയത്തിലും രോഗപ്രതിരോധത്തിലും കാര്യമായ പുരോഗതിയുണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ അതേപ്പറ്റി പഠിക്കാൻ സർക്കാർ നിയോഗിച്ച ചോപ്ര കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ലാന്റ് യൂസ് ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ രൂപീകരിച്ച സോയിൽ സർവ്വേ കമ്മിറ്റി തയ്യാറാക്കിയ സോയിൽ മാപ്പ് ലഭിച്ചു കഴിഞ്ഞു. കൊല്ലം, കോട്ടയം ജില്ലകളിലെ സോയിൽ മാപ്പ് ഒരു മാസത്തിനകം തയ്യാറാക്കും. ഇക്കാര്യത്തിൽ പഞ്ചായത്ത് പ്രതിനിധികളുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. വേണ്ടത്ര ലബോറട്ടറികൾ സ്ഥാപിച്ച് ഓരോ സ്ഥലത്തും അനുയോജ്യമായ കൃഷികൾ ഏതെല്ലാമാണ്, മണ്ണിന്റെ സ്വഭാവമനുസരിച്ച് ഏതെല്ലാം വളങ്ങളാണ് ഉപയോഗിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ നടന്നുവരുന്നു. ഈ രൂപത്തിൽ കൃഷിക്കാരുടെ കാര്യത്തിൽ ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. എല്ലാവരുമായി ചർച്ച ചെയ്ത് കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഈ വർഷം അടയ്ക്കയ്ക്ക് 10 രൂപ വിലകൂട്ടി പ്രൊക്യുവർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. തേയിലയുടെ കാര്യത്തിലും ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ച് മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണിത്. ഈ മേഖലയിൽ ഇനിയും കൂടുതൽ എന്തെങ്കിലും കാര്യങ്ങൾ ചെയ്യാനുണ്ടെങ്കിൽ അത്തരത്തിലുള്ള

നിർദ്ദേശങ്ങളും ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>കണ്ണൂർ ജില്ലയിൽ വെള്ളപ്പൊക്കംമൂലമുണ്ടായ നാശനഷ്ടം</u>

**<u>ശ്രീ. എം.വി. ജയരാജൻ</u>**: 2002 ഒക്ടോബർ 12 മുതൽ 15 വരെ സംസ്ഥാനത്ത് ഉണ്ടായ പേമാരിയിൽ കണ്ണൂർ ജില്ലയിൽ 63 കോടിയോളം രൂപയുടെ നാശനഷ്ടമുണ്ടാകുകയും 11 പേർക്ക് ജീവഹാനി സംഭവിക്കുകയും നൂറുകണക്കിന് വീടുകൾ തകരുകയും മലയോര മേഖലയിൽ ഉരുൾപൊട്ടൽമൂലം കനത്ത നാശനഷ്ടമുണ്ടാകുകയും കച്ചവടകേന്ദ്രങ്ങളിൽ വെള്ളം കയറി കോടിക്കണക്കിന് രൂപയുടെ നഷ്ടം കച്ചവടക്കാർക്ക് ഉണ്ടാകുകയും ചെയ്തു. കണ്ണൂർ ജില്ലയിലെ നിരവധി റോഡുകളും പാലങ്ങളും തകർന്ന് ഇപ്പോഴും ഗതാഗതയോഗ്യമല്ലാതായിക്കിടക്കുന്നു. ഏകദേശം 12 കോടി രൂപയുടെ നാശനഷ്ടം കാർഷിക മേഖലയിൽ ഉണ്ടായി. വെള്ളപ്പൊക്കക്കെടുതി ഉണ്ടായി മൂന്നുമാസം കഴിഞ്ഞശേഷമാണ് കാർഷികമേഖലയിലെ നഷ്ടം കണക്കാക്കുന്നതിന് കേന്ദ്രസംഘം ഇവിടെ എത്തിയത്. അതുകാരണം അവർക്ക് കൃത്യമായി ഈവക കാര്യങ്ങളെക്കുറിച്ച് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി എത്രയും പെട്ടെന്ന് കേന്ദ്രസഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകൈയെടുക്കുകയും കണ്ണൂർ ജില്ലയ്ക്ക് പ്രത്യേക സഹായം നൽകുകയും ചെയ്യണം. വ്യവസ്ഥകളിൽ മാറ്റം വരുത്തി കച്ചവടക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിന് സംസ്ഥാന സർക്കാർ ശ്രദ്ധിക്കണം.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (<u>ശ്രീ.കെ.എം. മാണി</u>)**: കഴിഞ്ഞ ഒക്ടോബർ മാസത്തെ പേമാരിയിൽ കണ്ണൂർ ജില്ലയിൽ ഉണ്ടായ നാശനഷ്ടം വളരെ

ഭീമമാണ്. റവന്യൂ വകുപ്പ് ടൈംലി ആയിട്ട് ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് ഈ നാശനഷ്ടങ്ങൾക്ക് തുകയൊന്നും കിട്ടാത്ത സാഹചര്യത്തിൽ 10,18,00,000 രൂപയാണ് കണ്ണൂർ ജില്ലയിലെ വെള്ളപ്പൊക്കക്കെടുതികൾ നേരിടുന്നതിനായി സംസ്ഥാന സർക്കാർ അനുവദിച്ചത്. നാശനഷ്ടങ്ങൾ ഓരോന്നായി പരിശോധിച്ച് നഷ്ടപരിഹാരം കൊടുത്തുകൊണ്ടിരിക്കുകയാണ്. കാർഷിക നഷ്ടത്തിന് ഇതിനോടകം ഒരു കോടി എഴുപത്തിയേഴു ലക്ഷത്തിൽ ചില്വാനം രൂപ കൊടുത്തുകഴിഞ്ഞു. കഴിഞ്ഞ ആഴ്ച 36 ലക്ഷം രൂപ റോഡുകൾ നന്നാക്കാൻവേണ്ടി കൊടുത്തു. 4 കോടിയിൽപ്പരം രൂപയാണ് ഇതിനുവേണ്ടി അനുവദിച്ചിരിക്കുന്നത്. ഈ നിലയിൽ വളരെ സഹാനുഭൂതിയോടുകൂടിയാണ് ഗവൺമെന്റ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. കച്ചവടക്കാരുടെ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കാം.

(2) <u>കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിന്റെ വികസന പ്രവർത്തനങ്ങൾ</u>

**<u>ശ്രീ. കെ. മുഹമ്മദാലി</u>:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന്റെ ഭാഗമായി രണ്ടാം റൺവേയുടേയും പുതിയ ടെർമിനൽ ബിൽഡിംഗിന്റേയും വിമാനത്താവളത്തിലേയ്ക്കുള്ള റോഡ് നാലുവരി ആക്കുന്നതിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u>:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വളർച്ച കണക്കിലെടുത്ത് ഏകദേശം 10 വർഷത്തിനുള്ളിൽ രണ്ടാം റൺവേ ആവശ്യമായി ത്തീരുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം റൺവേ നിർമ്മിക്കുന്നതിന് 800 ഏക്കർ ഭൂമികൂടി വേണ്ടിവരും. അതിന് 40 കോടിരൂപ ചെലവ് വരും. രണ്ടാം റൺവേ വികസിപ്പിക്കുന്നതി നോടനുബന്ധമായി ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു ടെർമിനൽ മന്ദിരവും നിർമ്മിക്കേണ്ടതുണ്ട്.

എൻ.എച്ച്. 47–ൽ നിന്ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തി ലേയ്ക്ക് 3.5 കിലോമീറ്റർ നീളംവരുന്ന റോഡ് രണ്ടുവരിപ്പാതയായി പണി പൂർത്തീ കരിച്ചിട്ടുണ്ട്. ഈ റോഡ് നാലുവരി ആക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും എയർപോർട്ട് അതോറിറ്റി അതിനാവശ്യമായ സ്ഥലം സൗജന്യമായി കൈമാറിയാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നാലുവരി ആക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(3) <u>കുട്ടനാട് പ്രദേശത്തെ അതിരൂക്ഷമായയ കുടിവെള്ളക്ഷാമം</u>

**<u>ശ്രീ. ടി.കെ. ദേവകുമാർ</u>**: ആലപ്പുഴ ജില്ലയിലെ വാടക്കനാലിൽ നിന്ന് എത്തുന്ന അശുദ്ധജലവും തണ്ണീർമുക്കം ബണ്ടിൽ നിന്നും എത്തുന്ന ഓരുവെള്ളവും കാരണം കുട്ടനാട് പ്രദേശത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അനുവദിച്ച 50 ലക്ഷംരൂപ അടിയന്തിരമായി ലഭ്യമാക്കാനും ആ പ്രദേശത്തിന് പ്രത്യേക പരിഗണന നൽകി അടിയന്തിരമായി കുടിവെള്ളം എത്തിച്ചുകൊടുക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>):** ഇതൊരു പ്രത്യേക പ്രശ്നമായി പരിഗണിക്കുന്നതാണ്. നോംസ് അനുസരിച്ച് ഇത് നാചറൽ കലാമിറ്റിയുടെ ഹെഡ്ഡിൽ വരുന്നതല്ല. കുടിവെള്ളവിതരണത്തിന് ഒരു ജില്ലയ്ക്കും പണത്തിന്റെ പ്രശ്നമില്ല. ആവശ്യമായ പണം സർക്കാർ നൽകുന്നുണ്ട്. കൂടാതെ കുടിവെള്ളം എത്തിക്കാൻവേണ്ടി ജില്ലാ കളക്ടർമാർക്ക് സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷനും നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർക്കും 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ഇനി എത്രരൂപ വേണമെങ്കിലും ചെലവാക്കാൻ സർക്കാർ തയ്യാറാണ്. ആവശ്യമായ പ്രദേശങ്ങളിൽ കുടിവെള്ളം

എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(4) <u>ആറന്മുളയിലെ കാവുംപുറത്ത്, മുടവൻ പൊയ്കയിൽ എന്നീ കോളനികളിൽ പടർന്നു പിടിച്ച വയറിളക്കം</u>

**<u>ശ്രീമതി മാലേത്ത് സരളാദേവി:</u>** ആറന്മുള നിയോജകമണ്ഡലത്തിൽപ്പെട്ട അയിരൂർ, തോട്ടപ്പുഴശ്ശേരി പഞ്ചായത്തുകളിലെ കാവുംപുറത്ത്, മുടവൻ പൊയ്കയിൽ എന്നീ കോളനി പ്രദേശങ്ങളിൽ പടർന്നുപിടിച്ചിരിക്കുന്ന വയറിളക്ക രോഗബാധ തടയുന്നതി നാവശ്യമായ നടപടി സ്വീകരിക്കണം.

**ആരോഗ്യ വകുപ്പുമന്ത്രി <u>(ശ്രീ. പി. ശങ്കരൻ):</u>** ആറന്മുള നിയോജക മണ്ഡലത്തിലെ ചില സ്ഥലങ്ങളിൽ ബാധിച്ച വയറിളക്ക രോഗബാധ തടയുന്നതിനുവേണ്ടി കാനേറ്റ്കര സി.എച്ച്.സി.യിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ ചികിൽസ നൽകുകയും മറ്റ് പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ബോധവൽക്കരണ ക്ളാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിണറുകൾ ക്ളോറിനേറ്റ് ചെയ്യുകയും വാട്ടർ ക്വാളിറ്റി ടെസ്റ്റിനായി സാമ്പിൾ ശേഖരിക്കുകയും ഓറൽ ഡീഹൈഡ്രേഷൻ സൊലൂഷൻ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ഡി.എം.ഒ. ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സെൽ രൂപീകരിച്ച് രോഗനിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ കേസുകളൊന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. രോഗം പൂർണ്ണമായി നിയന്ത്രണ വിധേയമാണ്.

(5) <u>ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കുടിയൊഴിപ്പിക്കൽ ഭീഷണി</u>

**<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u>** ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ കോങ്ങാട് II വില്ലേജിലെ പാറശ്ശേരി അയ്യപ്പൻകാവിലെ നാല്പതോളം കുടുംബങ്ങൾ

പട്ടയം ലഭിച്ച് 30 വർഷത്തിലധികമായി നികുതിയടച്ച് താമസിക്കുന്ന ഭൂമിയിൽനിന്നും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നതിനാൽ അത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):** കോങ്ങാട് II വില്ലേജിലെ ലക്ഷ്മിക്കുട്ടിയമ്മയുടെ പക്കൽനിന്ന് പാലക്കാട് താലൂക്ക് ലാൻഡ് ബോർഡിന്റെ 31-1-02-ലെ എൽ.ബി.801/73-ാം നമ്പർ ഉത്തരവ് പ്രകാരം 17.39 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമി മുഴുവനും 52 പേരുടെ കൈവശമിരിക്കുകയാണ്. കൈവശക്കാരെ ഒഴിപ്പിച്ചാൽ മാത്രമേ പതിച്ചുനൽകാൻ സാധിക്കുകയുള്ളൂ. അവരെ ഒഴിപ്പിക്കാനുള്ള നടപടികളൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ ആശങ്കയ്ക്ക് വഴിയില്ല.

(6) കരിപ്പൂർ വിമാനത്താവളത്തിൽ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

**ശ്രീ. എ. പി. അനിൽകുമാർ:** ഗൾഫ് രാജ്യങ്ങളിലേക്ക് ഇവിടെനിന്നും പ്രധാന

സർവ്വീസ് നടത്തുന്ന എയർ ഇൻഡ്യയിൽ ടിക്കറ്റെടുത്ത് കൺഫേം ചെയ്ത് യാത്രയ്ക്ക് തയ്യാറായിവരുന്നവരെ ഒഴിവാക്കുകയും എയർ ഇൻഡ്യയിലെ ഉദ്യോഗസ്ഥർക്ക് താല്പര്യമുള്ളവരെ കയറ്റി അയയ്ക്കുകയും ചെയ്തതുമൂലം ധാരാളം ചെറുപ്പക്കാർക്ക് സമയത്ത് എത്താൻ കഴിയാതെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യംവരെ സംജാത മാകുന്നു. സാധാരണക്കാർ യാത്രചെയ്യുന്ന 'വൈ' ക്ലാസ് ടിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഇല്ലെന്നു പറഞ്ഞതിനുശേഷം 1500 രൂപ കൂടുതൽ കൊടുത്താൽ 'എം' ക്ലാസ് അല്ലെങ്കിൽ 'കെ' ക്ലാസ് ടിക്കറ്റ് നൽകാമെന്ന് പറഞ്ഞ് കൂടുതൽ തുക വാങ്ങിക്കൊണ്ട് നൽകുന്ന ടിക്കറ്റിന്മേൽ അതാത് ക്ലാസ് അനുസരിച്ചുള്ള സീറ്റ് ലഭ്യമാക്കാൻ എയർ ഇൻഡ്യാ അധികൃതർ

തയ്യാറാകുന്നില്ല. സാധാരാണക്കാരായ യാത്രക്കാരോട് എയർ ഇൻഡ്യാ അധികൃതർ കാണിക്കുന്ന ഈ വിവേചനപരമായ സമീപനത്തിന് പരിഹാരം കാണുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എം. ഹസ്സൻ):</u>**

ഈ കാര്യം സംബന്ധിച്ച് എയർ ഇൻഡ്യാ മാനേജരോട് വിശദീകരണം ആരാഞ്ഞപ്പോൾ എയർ ഇൻഡ്യാ ജീവനക്കാരുടെ ഭാഗത്തുനിന്നും യാത്രക്കാർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായതായി രേഖാമൂലം പരാതികളൊന്നും ലഭിച്ചിട്ടില്ലെന്നാണ് മറുപടി ലഭിച്ചത്. എന്നാൽ 16-1-2003-ൽ കരിപ്പൂരിലെ എയർ കാർഗോ കോംപ്ളക്സിലെ ഒരു ജീവനക്കാരനിൽനിന്നും
ഒരു യാത്രക്കാരിക്ക് ബുദ്ധിമുട്ടുണ്ടായതായി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് കസ്റ്റംസ് അധികൃതർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. യാത്രക്കാരിൽ നിന്നും രേഖാമൂലം പരാതി ലഭിച്ചാൽ എയർ ഇൻഡ്യയുടെ ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാം. ഇവിടെ ഉന്നയിച്ച കാര്യം എയർ ഇന്ഡ്യയുടെ ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരിഹാരം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്

## റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## പ്രത്യേക പരാമർശം

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u>** മുത്തങ്ങായിൽ ആദിവാസികൾക്കെതിരെ പോലീസ് വെടിവയ്പ് നടത്തിയതു സംബന്ധിച്ച് സർക്കാർ

ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകാത്തതിലും, 5 ഏക്കർ ഭൂമിവീതം നൽകാമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കാത്തതിലും, പോലീസ് ഭീകരത അവസാനിപ്പിക്കാത്തതിലും, ആദിവാസികൾക്ക് നേരെയുള്ള മനുഷ്യത്വരഹിതമായ പെരുമാറ്റത്തിലും പ്രതിഷേധിച്ച് നിയമസഭാ പ്രതിപക്ഷ ചീഫ് വിപ്പും മുൻമന്ത്രിയുമായ ശ്രീ.കെ. രാധാകൃഷ്ണൻ നിയമസഭാകവാടത്തിൽ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ആരംഭിക്കാൻ പോവുകയാണ്.. നിയമസഭാ നടപടികൾ തടസ്സപ്പെടുത്താൻ ഉദ്ദേശമില്ല

**മി.സ്പീക്കർ**: നിങ്ങൾ ഇത് ചെയ്യരുതെന്നാണ് ചെയറിന് അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന്റെ നിലപാടിൽ പ്രതിഷേധമുണ്ടെങ്കിൽ സെക്രട്ടേറിയറ്റ് നടയിലാണ് നിരാഹാരം കിടക്കേണ്ടത്. ഇത് സംബന്ധിച്ച് നിങ്ങളുടെ പ്രതിനിധികളടക്കം ദേശീയതലത്തിൽ . ചില ധാരണകളുണ്ടായിട്ടുണ്ട്.

(പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നതിനാൽ അജണ്ടയിലെ അടുത്തയിനമായ നിയമനിർമ്മാണ കാര്യത്തിലേക്ക് ബഹുമാനപ്പെട്ട സ്പീക്കർ കടന്നു. ഈ സമയം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് നിരാഹാര സത്യാഗ്രഹം നടത്തുന്നതിനായി ശ്രീ. കെ. രാധാകൃഷ്ണനേയും നയിച്ചുകൊണ്ട് സഭ വിട്ടു പുറത്തുപോയി.)

## നിയമനിർമ്മാണം

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ**

(തുടർച്ച)

**2-ാം വകുപ്പ്**

(തുടർച്ച)

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3–ാം വകുപ്പ്**

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**1–ാം വകുപ്പും പീഠികയും പേരും**

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ)** : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002–ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പു മന്ത്രി (ശ്രീ. ജി. കാർത്തികേയൻ).** പ്രമേയത്തെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002–ലെ കേരള പൊതുവില്പന നികുതി ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)** : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.ജി. കാർത്തികേയൻ)**: പ്രമേയത്തെ പിൻതാങ്ങുന്നു

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

### 2 മുതൽ 5 വരെയുള്ള വകുപ്പുകൾ

2 മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 5 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)** : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി (ശ്രീ. ജി.കാർത്തികേയൻ):** പ്രമേയത്തെ പിൻതാങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

(സഭ രാവിലെ 10.45-ന് പിരിഞ്ഞു.)